## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3277 — 24.06.2013 ൽ മറുപടിയ്ക്ക്

### മറൈൻ ബയോ-ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.ഹൈബി ഈഡൻ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കെ.എസ്.ബി.ബി., മറൈൻ ബയോ-ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) തിരുവനന്തപുരം ജില്ലയിൽ വലിയതുറ മുതൽ പുതുക്കുറിച്ചി വരെ ഏകദേശം 20 കി.മീ. തീരമേഖലയിലെ ജൈവവൈവിധ്യം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയും അവയുമായി ബന്ധപ്പെട്ട നാട്ടറിവുകൾ ക്രോഡീകരിക്കുന്നതിനുമായി ഒരു പദ്ധതി നടപ്പിലാക്കി വരുന്നു.<br>പദ്ധതി പ്രദേശത്തെ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക, ഈ പ്രദേശത്തെ പ്രകൃതിദത്ത റീഫുകളുടെ മാപ്പ് തയ്യാറാക്കുക, ഇതുമായി ബന്ധപ്പെട്ട നാട്ടറിവ് രേഖപ്പെടുത്തൽ എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡും 'പ്രോത്സാഹൻ ' എന്ന സന്നദ്ധ സംഘടനയും സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനുവേണ്ടി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) കേന്ദ്ര സഹായമൊന്നും ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ